

VIBGYOR
A.M.M.H.S.S EDAYARANMULA
KEEP THE LIGHT SHINING
LITTLE KITES 2021-24
A.M.M.H.S.S
EDUCATION IS OUR PASSPORT
TO THE FUTURE,
FOR TOMORROW BELONGS
TO THE PEOPLE WHO
PREPARE FOR IT TODAY



Dr. A. P. J. ABDUL KALAM

**"THE PURPOSE OF EDUCATION IS TO MAKE GOOD HUMAN BEINGS WITH SKILL AND EXPERTISE. ENLIGHTENED HUMAN BEINGS CAN BE CREATED BY TEACHERS"**

**"നൈപുണ്യവും വൈദഗ്ധ്യവും ഉള്ള നല്ല മനുഷ്യരെ ഉണ്ടാക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. പ്രബുദ്ധരായ മനുഷ്യരെ അധ്യാപകർക്ക് സൃഷ്ടിക്കാൻ കഴിയും"**



# *OUR FOUNDER*



## Dr. Abraham Marthoma Metropolitan

# HEAD MISTRESS



# MRS. ANILA SAMUEL K



## ഹെഡ്മിസ്ട്രസിന്റെ സന്ദേശം

ഇടയാറന്മുള എ.എം.എം ഹയർ സെക്കൻഡറി സ്കൂളിലെ നമ്മുടെ ലിറ്റിൽ കൈറ്റ്സ് 2021-2024 ബാച്ചിലെ കുട്ടികൾ 'വിബ്ജിയോർ എന്ന പേരിൽ ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നത് വളരെ സന്തോഷപ്രദമാണ്. കോവിഡ് മഹാമാരിക്കു ശേഷം നമ്മുടെ സ്കൂളിന്റെ പ്രവർത്തനങ്ങൾ സജീവമായി വരുന്ന ഈ സാഹചര്യത്തിൽ ഈ ഡിജിറ്റൽ മാഗസിൻ വളരെ പ്രശംസനീയം തന്നെയാണ്. നമ്മുടെ സ്കൂളിന്റെ പ്രവർത്തനങ്ങളും കുഞ്ഞുങ്ങളുടെ സർഗ്ഗാത്മകമായ കഴിവുകളും ഉൾപ്പെടുത്തിയാണ് മാഗസിൻ തയ്യാറാക്കിയിരിക്കുന്നത്.

ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ഏവർക്കും എന്റെ അഭിനന്ദനങ്ങൾ, ഒപ്പം ആശംസകളും

**അനില സാമുവേൽ**
**ഹെഡ്മിസ്ട്രസ്**



LITTLE KITES MISTRESS

ASHA P MATHEW



# ലിറ്റിൽ കൈറ്റ്സ് മിസ്ട്രസിന്റെ സന്ദേശം

ഇടയാറൻമുള എ.എം.എം ഹയർ സെക്കൻഡറി സ്കൂളിലെ *2021 -24* ബാച്ച് ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ 'വിബ്ജിയോർ ' എന്ന ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു.
കോവിഡാനന്തര സ്കൂൾ പ്രവർത്തനങ്ങളും, അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സർഗ്ഗ സൃഷ്ടികളും കോർത്തിണക്കിയ ഈ മാഗസിനിലൂടെ സ്കൂളിന്റെ പ്രവർത്തനങ്ങളെ ലോകമെമ്പാടും എത്തിക്കുവാൻ സാധിക്കും എന്ന് എനിക്ക് വിശ്വാസമുണ്ട്.....
എന്റെ ലിറ്റിൽ കൈറ്റ്സുകൾക്ക് എല്ലാവിധ ആശംസകളും നേരുന്നു....

**ആശ പീ മാത്യൂ**
**ലിറ്റിൽകൈറ്റ്സ് മിസ്ട്രസ്**



# LITTLE KITES MASTER

## JEBY THOMAS



# ലിറ്റിൽ കൈറ്റ്സ് മാസ്റ്ററിന്റെ സന്ദേശം

ഇടയാറന്മുള എ.എം.എം.ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് *2021 - 2024* ബാച്ച് 'വിബ്ജിയോർ ' എന്ന പേരിൽ ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നത് സന്തോഷകരമാണ്. കോവിഡിന് ശേഷം വിദ്യാഭ്യാസമേഖല സജീവമായിവരുന്ന പശ്ചാത്തലത്തിൽ ഈ ഡിജിറ്റൽ മാഗസിൻ വളരെ പ്രസക്തമാണ്. ഇതിന്റെ പിന്നണിയിൽ പ്രവർത്തിച്ച ഏവരെയും അഭിനന്ദിക്കുന്നു ആശംസകൾ നേരുന്നു...

**ജെബി തോമസ്**
**ലിറ്റിൽകൈറ്റ്സ് മാസ്റ്റർ**

# PRINCIPAL



## *Mrs. Lally John*



# ചീഫ് എഡിറ്ററുടെ സന്ദേശം

കോവിഡ് എന്ന മഹാമാരിക്കു ശേഷം സ്കൂളിന്റെ പ്രവർത്തനങ്ങൾ സജീവമായ സാഹചര്യത്തിൽ ഞങ്ങളുടെ ലിറ്റിൽ കൈറ്റ്സ് 2021-2024 ബാച്ച് 'വിബ്ജിയോർ ' എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു. ഇതിനു വേണ്ടി ഞങ്ങളെ നയിച്ചത് ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ ജെബി സാറും ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ് ആശ ടീച്ചറുമാണ്. സ്കൂളിന്റെ പ്രവർത്തനങ്ങളും കുട്ടികളുടെ സർഗ്ഗാത്മകമായ കഴിവുകളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മാഗസിന്റെ പ്രവർത്തനങ്ങൾക്കായി ലിറ്റിൽ കൈറ്റ്സിലെ മറ്റു കുട്ടികളും പങ്കാളികൾ ആണ്. ഒരാളുടെ പ്രവർത്തനമല്ല നിരവധി ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ പ്രവർത്തനമാണ് ഈ മാഗസിന് പിന്നിലുള്ളത്. എവർക്കും എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ........

**ആയുഷ്.എസ്**
**ചീഫ് എഡിറ്റർ**

# INDEX

## Index

സ്കൂളിനെ അറിയാൻ....14
സ്കൂൾ അസംബ്ലി....16
ബാസ്കറ്റ് ബോൾ ടീം....17
ഫുട്ബോൾ ടീം....18
ലൈബ്രറി....19
ലിറ്റിൽ കൈറ്റ്സ് പുരസ്കാരം 2019-20....22
രണ്ടാമത് ശബരീഷ് സ്മാരക സ്കൂൾ വിക്കി പുരസ്കാരം....24
ഷോർട്ട് ഫിലിം അവാർഡ്....26
ഐ.ടി ലാബ്....27
ഹൈടെക് ക്ലാസ്....28
ബയോളജി ലാബ്....29
കെമിസ്ട്രി ലാബ്....30
ഫിസിക്സ് ലാബ്....31
ജോഗ്രഫി....32
ടീച്ചേർസ് &നോൺ ടീച്ചിങ്സ്റ്റാഫ്സ്....33
....39
Group photo....40
പ്രവേശനോത്സവം 2022....51
കുട്ടിയെ അറിയാൻ....53
ഒരേ ഒരു ഭൂമി....55
വായനാദിനാചരണം....58
ആര്യഭട്ട ദിനാചരണം....60
വിജയോത്സവം 2022....62
യോദ്ധാവ്....66
കേരളം പിറവി ആഘോഷം....70
ആറന്മുള ഉപജില്ല ശാസ്ത്രോത്സവം....71
പാഠ്യപദ്ധതി പരിഷ്കരണം....73
ലഹരി വിരുദ്ധ ക്യാമ്പയിൻ രണ്ടാംഘട്ട ഉദ്ഘാടനം....75
ശിശുദിന ആഘോഷം....77
യങ് ഇന്നോവേറ്റേഴ്സ് പ്രോഗ്രാം....80
അമ്മയറിയാൻ....89
ഐ.റ്റി മേള....95
സത്യമേവ ജയതേ - കുടുംബശ്രീ യൂണിറ്റ്....97
പടയണി ഡോക്കുമെന്റേഷൻ....98
ലൈവ് പ്രോഗ്രാം....104
കാർഗിൽ വിജയദിവസ്....111

# സ്കൂളിനെ അറിയാൻ




വിദ്യാഭ്യാസത്തിൽ പോലും സവർണ്ണ അവർണ്ണ വേർതിരിവുകൾ നിലനിന്നിരുന്ന  കാലഘട്ടത്തിന്റെ പ്രാരംഭ ദശയിൽ പാർശ്വവൽക്കരിക്കപ്പെട്ടവർക്കും വിദ്യാഭ്യാസം ലഭ്യമാക്കുക എന്ന മഹത് ലക്ഷ്യത്തോടെയാണ് ഈ വിദ്യാലയം സ്ഥാപിതമായത്.

മലങ്കര സഭയിൽ നവീകരണ കാഹളം മുഴക്കിയ സാമൂഹികപരിഷ്കർത്താവും മികച്ച വിദ്യാഭ്യാസ ചിന്തകനും   ആയിരുന്ന ഡോ.എബ്രഹാം മാർത്തോമാ മെത്രാപ്പോലീത്തയുടെ  പ്രവാചക തുല്യമായ ദീർഘവീക്ഷണവും, ക്രാന്തദർശിയായ ളാക ഇടയാറന്മുള ഇടവക വികാരി ദിവ്യ    ശ്രീ എ. ജി.

തോമസ് കശ്ശിശായുടെ മികവറ്റ നേതൃത്വവും, ആത്മീയ ഉണർവ് പ്രസ്ഥാനത്തിന്റെ കെടാവിളക്കായ സാധുകൊച്ചുകുഞ്ഞുപദേശിയുടെ പ്രാർത്ഥനയും ഇടവക ജനങ്ങളുടെ ത്യാഗപൂർണമായ പരിശ്രമവുമാണ് ഈ സരസ്വതി ക്ഷേത്രത്തിന് അടിസ്ഥാനമിട്ടത്.ഇടയാറന്മുള ഭഗവതിക്ഷേത്രം, മാലക്കര ചെറുപുഴക്കാട്ട് ദേവി ക്ഷേത്രം, കോട്ടയ്ക്കകം ഗുരുമന്ദിരം ഇവയുടെ മധ്യത്തിലായി ളാക സെന്റ് തോമസ് പള്ളിയുടെ സമീപത്തുള്ള മനോഹരമായ ളാക കുന്നിന്റെ മുകളിലുള്ള ആറ് ഏക്കർ ഭൂമിയിൽ ഇടയാറന്മുള എ.എം.എം ഹയർ സെക്കൻഡറി സ്കൂൾ സ്ഥിതിചെയ്യുന്നു

# ലൈബ്രറി



ആത്മീയ ഗോളത്തിലെ വെള്ളി നക്ഷത്രവും, സാമൂഹികപരിഷ്കർത്താവും, സ്കൂളിന്റെ മുൻ മാനേജറുമായസാധു കൊച്ചുകുഞ്ഞുപദേശിയുടെ സ്മരണ നിലനിർത്തുന്നതുമായ വിശാലമായ ലൈബ്രറിയാണ് സ്കൂളിന് ഉള്ളത്. ഏഴായിരത്തിലേറെ പുസ്തകങ്ങളും ദിനപത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും ഉള്ള ലൈബ്രറിക്ക് വിശാലമായ വായനമുറി ഉണ്ട്. വിദ്യാഭ്യാസവാർത്ത, വിനോദകായിക ചാനലുകൾ ലഭ്യമാകുന്ന ടെലിവിഷനും, വിപുലമായ ഡിജിറ്റൽ വിഭാഗങ്ങളുടെ ശേഖരവും ഇവിടെ സജ്ജമാക്കിയിരിക്കുന്നു. ഇടയാറന്മുളയിലെ പ്രശസ്തരായ സാഹിത്യകാരന്മാരുടെ ഛായാചിത്രങ്ങൾ ഈ ലൈബ്രറിയിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.വിദ്യാർഥികളെ

വെളിച്ചത്തിലേക്കുള്ള മാർഗദീപമായി മാറ്റി വായനയുടെ പടവുകൾ ഒന്നൊന്നായി കയറി പോകുവാൻ പര്യാപ്തമാക്കുന്ന തരത്തിലുള്ള മികച്ച ഗ്രന്ഥശാല ഇവിടെയുണ്ട്. മാനവ സംസ്കൃതിയുടെ നെടും തൂണുകൾ ആണ് ഇത്തരം ഗ്രന്ഥശാലകൾ.കുട്ടികളുടെ ജന്മദിനത്തിൽ ഗ്രന്ഥശാലയിലേക്ക് സംഭാവന നൽകുന്ന പുസ്തകങ്ങൾ, മഹത് വ്യക്തികൾ നൽകുന്ന പുസ്തകങ്ങൾ തുടങ്ങിയവ അടങ്ങുന്ന പുസ്തകസമാഹരണം **വായന ജ്വാല** എന്നപേരിൽ നടത്തി. താല്പര്യമുള്ള കുട്ടികൾക്ക് പുസ്തകങ്ങൾ വീട്ടിൽ കൊണ്ടുപോകുവാനും അവസരമുണ്ട്. കുട്ടികൾ വായനക്കുറിപ്പുകൾ തയ്യാറാക്കുകയും ഓരോ മാസവും മികച്ച വായനക്കുറിപ്പിന് സമ്മാനം നൽകുകയും ചെയ്തുവരുന്നു. കൂടുതൽ **ആസ്വാദന കുറുപ്പ്** തയ്യാറാക്കിയവർക്കുള്ള അവാർഡ് വിതരണം നടത്തുന്നുണ്ട്. ഒരു വർഷത്തെ വായനാക്കുറിപ്പുകൾ സമാഹരിച്ച് **ദർപണം**എന്ന പേരിൽ ഒരു **കൈയെഴുത്ത് മാസിക** പ്രകാശനം ചെയ്തു. **വായനാ മാസാചരണം** നടത്തുന്നുണ്ട്. കുട്ടികൾക്ക് വിവിധ മേളകളിൽ പ്രാദേശിക ചരിത്രം തയ്യാറാക്കുന്നതിനും, പ്രൊജക്ട്, സെമിനാർ തുടങ്ങിയവയ്ക്കും സഹായിക്കുന്ന വിവിധ പുസ്തകങ്ങൾ ലൈബ്രറിയിൽ ഉണ്ട്. വിവിധ സ്പോൺസർമാരുടെ സഹായത്താൽ മിക്ക ദിനപത്രങ്ങളും ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ കുട്ടികൾക്ക് വായിക്കുവാൻ നൽകുന്നുണ്ട്. ഇത് ഇന്നത്തെ തലമുറയിൽ വായനാശീലം വളർത്താൻ

*സഹായിക്കുന്നു.വായന സാധാരണ ജനങ്ങളിലേക്കെത്തിക്കുക എന്ന ലക്ഷ്യവുമായി **സഞ്ചരിക്കുന്ന സ്കൂൾ ലൈബ്രറി** എന്ന പേരിൽ കുട്ടികൾ സമീപ ഭവനങ്ങളിൽ സന്ദർശിച്ച് പുസ്തകങ്ങൾ വായിക്കുവാൻ നൽകി വരുന്നു. വളരെ മികച്ച പ്രതികരണമാണ് പൊതുജനങ്ങളിൽ നിന്നും ഇതിനു ലഭിച്ചുകൊണ്ടിരിക്കുന്നത്.*

# ലിറ്റിൽ കൈറ്റ്സ് പുരസ്കാരം 2019-20



*ലിറ്റിൽ കൈറ്റ്സ് പുരസ്കാരം ജില്ലയിൽ .. മൂന്നാം സ്ഥാനം സംസ്ഥാനത്തെ മികച്ച ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾ പ്രവർത്തിക്കുന്ന സ്കൂളുകൾക്കുള്ള പൊതുവിദ്യാഭ്യാസ വകുപ്പിന്റെ അവാർഡ് ഇടയാറന്മുള എം ഹയർസെക്കൻഡറി സ്കൂളിന് ലഭിച്ച 2019 ജൂലൈ അഞ്ചിന് തിരുവനന്തപുരം ടാഗോർ തിയേറ്ററിൽ*

ബഹു. കേരള മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ ഉദ്ഘാടനം നിർവഹിച്ച മഹാ സമ്മേളനത്തിൽ വച്ച് ബഹു. വിദ്യാഭ്യാസ മന്ത്രി ശ്രീ സി രവീന്ദ്രനാഥ് നിന്നും ലിറ്റിൽ കൈറ്റ്സ് കുട്ടികൾ അവാർഡ് സ്വീകരിച്ചു.

# രണ്ടാമത് ശബരീഷ് സ്മാരക സ്കൂൾ വിക്കി പുരസ്കാരം




ശബരീഷ് സ്മാരക സ്കൂൾ വിക്കി മത്സരത്തിൽ ഇടയാറന്മുള എ.എം.എം ഹയർ സെക്കൻഡറി സ്കൂൾ ജില്ലാതലത്തിൽ രണ്ടാം തവണയും ഒന്നാം സ്ഥാനം നേടി. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിലുള്ള മത്സരത്തിന്റെ അവാർഡ് ദാന ചടങ്ങ് 1/7/2022, 2 മണിക്ക് നിയമസഭാ ശങ്കരനാരായണൻ തമ്പി ഹാളിൽ നിയമസഭ സ്പീക്കർ എം.ബി രാജേഷ് ഉദ്ഘാടനം ചെയ്തു. പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി അധ്യക്ഷത വഹിച്ച യോഗത്തിന് മുഖ്യ അതിഥി

ആയിരുന്നത്, ഗതാഗത മന്ത്രി ആന്റണി രാജുവാണ്. കൈറ്റ് സി.ഇ.ഒ കെ അൻവർ സാദത്ത്, പൊതുവിദ്യാഭ്യാസ ഡയറക്ടർ കെ ജീവൻ ബാബു ഐഎഎസ്, എസ്.ഇ.ആർ.ടി ഡയറക്ടർ ആർ കെ ജയപ്രകാശ് തുടങ്ങിയവർ സന്നിഹിതരായിരുന്ന ചടങ്ങിൽ വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടിയിൽ നിന്ന് 25000 രൂപയും, മെമെന്റോയും, പ്രശസ്തി പത്രവും സ്കൂളിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും ഏറ്റുവാങ്ങി.

# ഷോർട് ഫിലിം അവാർഡ്



നാഷണൽ പോപ്പുലേഷൻ എഡ്യൂക്കേഷന്റെ ഭാഗമായി NCERT, DIET പത്തനംതിട്ടയുമായി ചേർന്ന് നടത്തിയ വീഡിയോ കോമ്പറ്റീഷന് പത്തനംതിട്ട ജില്ലയിലെ രണ്ടാം സ്ഥാനം നമ്മുടെ സ്കൂളിന് ലഭിച്ചു.

പ്രശസ്തി പത്രവും, മൊമെന്റവും, ക്യാഷ് അവാർഡും അടങ്ങുന്നതാണ് പുരസ്കാരം.

# ഐ.ടി ലാബ്




യുപി, ഹൈസ്കൂൾ, ഹയർസെക്കൻഡറി വിഭാഗങ്ങളിൽ ആയി മൂന്ന് കമ്പ്യൂട്ടർ ലാബുകൾ ക്രമീകരിച്ചിരിക്കുന്നു. അതിവേഗ ഇന്റർനെറ്റ് സൗകര്യം ഉള്ള 52 കമ്പ്യൂട്ടറുകൾ ലാബുകളിൽ ക്രമീകരിച്ചിരിക്കുന്നു. ഇവയിൽ ഐടി@സ്കൂൾ പദ്ധതിയിൽ നിന്നും 2003 മുതൽ ലഭിച്ചവയും ഉണ്ട്. മുഴുവൻ ലാബ് പ്രവർത്തനങ്ങളും യു.പി.എസ് പിൻബലത്തോടെ കൂടി സജ്ജീകരിച്ചിട്ടുണ്ട്.വിവിധ ചാനലുകൾ ലഭ്യമാകുന്ന ടെലിവിഷൻ, പ്രിന്റർ, സ്കാനർ, പ്രൊജക്ടർ, വെബ് ക്യാമുകൾ, ഡി.എസ്.എൽ.ആർ ക്യാമറ എന്നിവ കമ്പ്യൂട്ടർലാബിൽ ക്രമീകരിച്ചിരിക്കുന്നു.കൈറ്റിൽ നിന്നും ലഭ്യമായ ഡി എസ് എൽ ആർ ക്യാമറ ഉപയോഗിച്ചും, കമ്പ്യൂട്ടർ ലാബിലെ വിവിധ സാങ്കേതിക ഉപകരണങ്ങൾ ഉപയോഗിച്ചും ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ സഹായത്തോടെ വിദ്യാലയ വാർത്തകൾ ഡോക്യുമെന്റ്

# ഹൈടെക് ക്ലാസ്



ഹൈസ്കൂൾ, ഹയർസെക്കൻഡറി വിഭാഗത്തിലെ എല്ലാ ക്ലാസ് മുറികളും പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഹൈടെക് പദ്ധതിയിലുൾപ്പെടുത്തി സ്മാർട്ട് ക്ലാസ് മുറികൾ ആക്കി. ഹൈടെക് പദ്ധതിയുമായി ബന്ധപ്പെട്ട് കൈറ്റിൽ നിന്നും 2018 മുതൽ ലാപ്ടോപ്പ്, പ്രൊജക്ടർ, പ്രൊജക്ടർ സ്ക്രീൻ, സ്പീക്കർ തുടങ്ങിയ ഹൈടെക് ഉപകരണങ്ങൾ ഹൈടെക് ക്ലാസ് റൂമുകളുടെ ഉപയോഗത്തിന് ലഭിച്ചിട്ടുണ്ട്. ഇവ കുട്ടികളുടെ പഠനനിലവാരം വർദ്ധിപ്പിക്കുവാൻ സഹായിക്കുന്നുണ്ട്. ലാപ്ടോപ്പ്,പ്രൊജക്ടർ, സ്ക്രീൻ,സ്പീക്കറുകൾ, പോഡിയം, വൈറ്റ് ബോർഡ് എന്നിവ എല്ലാ ക്ലാസിലും ക്രമീകരിച്ചിരിക്കുന്നു.

# ബയോളജി ലാബ്



മൈക്രോസ്കോപ്പ്, അസ്ഥികൂടം, വിവിധ ജീവികളുടെ സ്പെസിമെനുകൾ, ഗ്ലാസ് വെയറുകൾ ( ബീക്കർ,വാച്ച് ഗ്ലാസ്, പെട്രിഡിഷ്, കോണിക്കൽ ഫ്ലാസ്ക്,ടെസ്റ്റ് ട്യൂബ്, ഫണൽ, പിപ്പെറ്റ്, സ്ലഡ്, കവർ ഗ്ലാസ് മുതലായവ), ബുൻസെൻ ബർണർ, ബ്രഷ്, ഡൈ( സാഫ്റാനിൻ, മെഥിലിൻ ബ്ലൂ), മെർക്കുറി,പി.ഹ മീറ്റർ, ഫിൽറ്റർ പേപ്പർ, ലിറ്റ്മസ് പേപ്പർ, ഡിസെക്ഷൻ ടൂൾ കിറ്റ്, വെയിംഗ് ബാലൻസ്, ഫോർസെപ്പ്സ്, സ്പാച്ച്യുല, തെർമോമീറ്റർ, ഗ്ലിസറിൻ, ചാർട്ട്, മോഡലുകൾ മുതലായവ ഉപയോഗിച്ച് 8,9,10 ക്ലാസുകളിലെ വിവിധ പാഠഭാഗങ്ങൾ വിനിമയം ചെയ്യുന്നു.

# കെമിസ്ട്രി ലാബ്



മൊമെന്റ് ബാർ, പൊട്ടൻഷ്യോമീറ്റർ, റെസോണൻസ് കോളം, ഓംസ് ലോ അപ്പാരറ്റസ്, സോണോമീറ്റർ, വെർണിയർ കാലിപ്പർ, സ്ക്രൂ ഗേജ്, സ്റ്റോപ്പ് വാച്ച്, മിററുകൾ, ലെൻസുകൾ, ഗ്ലാസ് സ്ലാബ്, പ്രിസം, കണക്ഷൻ വയർ, നിക്രോം വയർ, രാസപദാർഥങ്ങൾ( , ബേസ്, ലവണങ്ങൾ), സെൽ, ഗാൽവനോ മീറ്റർ, അമ്മീറ്റർ, വോൾട്ട് മീറ്റർ, കാന്തങ്ങൾ, ഇരുമ്പ് പൊടി, ഇലക്ട്രോസ്കോപ്പ്, ട്യൂണിങ് ഫോർക്ക്, ഗോലികൾ, സ്ലിംഗി, കാപ്പില്ലറി ട്യൂബ്,സോപ്പ് ലായനി, മൊട്ടുസൂചി, ഓവർ ഫ്ലോ ജാർ മുതലായവ ഉപയോഗിച്ച് 8,9,10 ക്ലാസുകളിലെ വിവിധ പാഠഭാഗങ്ങൾ വിനിമയം ചെയ്യുന്നു.

# ഫിസിക്സ് ലാബ്



കർപ്പൂരം, അമോണിയം ക്ലോറൈഡ്,, അയഡിൻ ഉപയോഗിച്ച് പരീക്ഷണം, ക്രോമാറ്റോഗ്രാഫി വ്യക്തമാക്കുന്നതിന് വേണ്ടി ചോക്കും ഫിൽട്ടർ പേപ്പർ പേപ്പറും ഉപയോഗിച്ച് പരീക്ഷണം, അമോണിയ വാതകം ഉണ്ടാക്കുന്ന വിധം, ഫൗണ്ടെൻ പരീക്ഷണം, ലോഹങ്ങളുടെ വിവിധ രാസപ്രവർത്തനങ്ങൾ, ലോഹങ്ങൾ ആസിഡുമായിട്ടും ജലവുമായുള്ള പ്രവർത്തനം. വിവിധ ലോഹങ്ങളുടെ രാസപ്രവർത്തനങ്ങൾ  താരതമ്യം ചെയ്യൽ,പൊട്ടാസ്യം പെർമാംഗനേറ്റ് വിഘടനം, ഹൈഡ്രജൻ നിർമ്മാണം, ഡാനിയൽ സെൽ നിർമ്മിക്കൽ, ആദേശ രാസപ്രവർത്തനം തുടങ്ങിയ ഒട്ടനവധി പ്രവർത്തനങ്ങളും രസതന്ത്രം ലാബിൽ നടത്തുന്നുണ്ട്.

# ജോഗ്രഫിലാബ്



ഭൂമി ശാസ്ത്ര വിഭാഗം ലാബിൽ നൂറിൽപരം ഭൂപടങ്ങളും ഭൂമിശാസ്ത്ര ഉപകരണങ്ങളും ലഭ്യമാണ്. ഇത് കുട്ടികളിൽ ശാസ്ത്രബോധം വർദ്ധിപ്പിക്കുവാനും, ഭൂതലവിശകലനം ചെയ്യാനുമുള്ള കഴിവ് വർദ്ധിപ്പിക്കുന്നു. ഇതുകൂടാതെ ഭൂപടത്തിൽ ഉപയോഗിക്കുന്ന വിവിധ തരത്തിലുള്ള തോതുകൾ വരയ്ക്കാനും, വിശദീകരിക്കാനുമുള്ള പ്രവർത്തനങ്ങൾ, കാലാവസ്ഥ ഉപകരണങ്ങളുടെ ഉപയോഗക്രമം അറ്റ്ലസ് നിർമ്മാണം തുടങ്ങിയ കുട്ടികൾക്ക് പ്രയോജനപ്പെടുന്ന ഒട്ടനവധി പ്രവർത്തനങ്ങളും ഭൂമിശാസ്ത്ര ലാബിൽ നടത്തുന്നുണ്ട്.

# ടീച്ചേർസ് &നോൺ ടീച്ചിങ്സ്റ്റാഫ്സ്





# UP teachers











# high school teachers



















# Higher Secondary























# GROUP PHOTO





# Class 5A



# Class 5B



# Class 5C



# Class 6A



# Class 6B



# Class 6C



# Class 7A



# Class 7B



# Class 7C




# Class 8A




# Class 8B




# Class 8C




# Class 8D



# Class 9A




# Class 9B




# Class 9C



# Class 10A




# Class 10B




# Class 10C

# പ്രവേശനോത്സവം 2022



ഇടയാറന്മുള എ എം എം ഹയർസെക്കൻഡറി സ്കൂളിലെ 2022-23 അധ്യയന വർഷത്തെ പ്രവേശനോത്സവം ജൂൺ 1, 9.30 ന് ആരംഭിച്ചു. തിരുവനന്തപുരത്ത് നടന്ന പ്രവേശനോത്സവത്തിന്റെ ഉദ്ഘാടന ചടങ്ങുകൾ വിക്ടേഴ്സ് ചാനലിലൂടെ നവാഗതരിൽ എത്തിച്ചു എന്നത് സ്കൂളിന്റെ എടുത്തുപറയത്തക്ക നേട്ടമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ പിണറായി വിജയന്റെയും വിദ്യാഭ്യാസ മന്ത്രി ശ്രീ വി ശിവൻകുട്ടി യുടെയും സന്ദേശം നവാഗതരായ എല്ലാ കുട്ടികളെയും അവരുടെ രക്ഷകർത്താക്കളെയും വിക്ടേഴ്സ് ചാനലിലൂടെ കാണിച്ചു. പ്രാർത്ഥനാ ഗാനത്തോടെ ആരംഭിച്ച പ്രവേശനോത്സവത്തിന് സ്വാഗതം അനുഷ്ഠിച്ചത് സ്കൂൾ പ്രിൻസിപ്പൽ ശ്രീമതി ലാലി ജോണാണ്. പി.ടി.എ പ്രസിഡന്റ് ശ്രീ എൽദോസ് വർഗീസ് ആണ് അധ്യക്ഷ പ്രസംഗം നടത്തിയത്. പ്രവേശനോത്സവഗാനം സ്കൂൾ ഗായകസംഘം ആലപിച്ചു.പ്രവേശനോത്സവത്തിന്റെ ഉദ്ഘാടനവും, കുട്ടികൾക്കാവശ്യമായ സന്ദേശവും

നൽകിയത് സ്കൂൾ മാനേജർ റവ.എബി ടി മാമ്മൻ ആണ്. പ്രവേശനോത്സവ വേദിയിൽ പൂർവ്വ വിദ്യാർത്ഥികൾ കമ്പ്യൂട്ടർ ലാബ് ഉപകരണങ്ങളുടെ നവീകരണത്തിനുള്ള സ്നേഹോപഹാരവും, സ്കൂൾ ഗ്രന്ഥശാലയ്ക്ക് ആവശ്യമായ ന്യൂസ് പേപ്പറും സംഭാവന ചെയ്തു.യോഗത്തിൽ സ്കൂളിന്റെ മികവ് അടങ്ങുന്ന വീഡിയോസുകൾ പ്രദർശിപ്പിച്ചു.ആറന്മുള അമൽ ആൻഡ് പാർട്ടി നടത്തിയ നാടൻ പാട്ടിന്റെ അരങ്ങ് സദസ്സ് ഉണർത്തി. സ്കൂളിന്റെ തനത് പ്രവർത്തനങ്ങളെക്കുറിച്ച് സീനിയർ അധ്യാപകനായ ശ്രീ.അനീഷ് ബെഞ്ചമിൻ രക്ഷകർത്താക്കളെ അറിയിച്ചു.
കുട്ടികളുടെ നേതൃത്വത്തിൽ നടന്ന ആറന്മുള വഞ്ചിപ്പാട്ടിന്റെ അകമ്പടിയോടു കൂടിയാണ് നവാഗതരെ പുതിയ ക്ലാസുകളിലേക്ക് ആനയിച്ചത്.യോഗത്തിന് കൃതജ്ഞത നിർവ്വഹിച്ചത് സ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി. അനില സാമുവേൽ ആണ്. സ്റ്റാഫ് സെക്രട്ടറി ശ്രീമതി.സുനു മേരി സാമുവൽ ആണ് പ്രവേശനോത്സവ വേദിയിൽ അവതാരകയായി എത്തിയത്. ലിറ്റിൽ കൈറ്റ്സ്, ജെ ആർ സി, എൻ സി സി കുട്ടികൾ പ്രവേശനോത്സവത്തിന് നേതൃത്വം നൽകി.

# കുട്ടിയെ അറിയാൻ



വിദ്യാർത്ഥികളിൽ വിവിധ മേഖലകളിലുള്ള പഠന വിടവ് പരിഹരിക്കാനുള്ള ഭവന സന്ദർശനം വിവിധ ഗ്രൂപ്പുകളായി നടത്തി. തരംഗം മിഷൻ സെന്ററിൽ വച്ച് നടന്ന ബയോളജി എസ്ആർജി മീറ്റിങ്ങിനോട് അനുബന്ധിച്ച് ഞങ്ങളുടെ സ്കൂളാണ് പഠന വിടവ് പരിഹരിക്കാൻ ആയി തെരഞ്ഞെടുത്തത്. ഹെഡ്മിസ്ട്രസ് അടക്കമുള്ള അദ്ധ്യാപകർ വിവിധ ഗ്രൂപ്പുകളായി വിദ്യാർത്ഥികളുടെ ഭവനങ്ങളിൽ സന്ദർശിച്ച് അവരുടെ മാനസികവും ശാരീരികവുമായി പ്രശ്നങ്ങളും പഠനത്തിൽ പിന്നോക്കം ആകാനുള്ള കാരണങ്ങളും കണ്ടെത്തി പരിഹാരങ്ങൾ ചർച്ച ചെയ്തു. കുട്ടികളുടെ മാനസിക ഉല്ലാസത്തിനായി സമ്മാന പൊതികളും നൽകി.

# കാവറിയാൻ



ആറന്മുള വികസന സമിതിയുടെ നേതൃത്വത്തിൽ നടത്തിയ പരിസ്ഥിതി ദിന പരിപാടികളിൽ ഇടയാറന്മുള എ. എം.എം.എച്ച്.എസ്.എസി ലെ പരിസ്ഥിതി ക്ലബ്ബിലെ വിദ്യാർത്ഥികളും അദ്ധ്യാപകരും പങ്കെടുത്തു.

കിടങ്ങന്നൂർ പള്ളിമുക്കത്ത് കാവ് സംരക്ഷണത്തിന്റെ ഭാഗമായി കുട്ടികൾ വൃക്ഷത്തൈകൾ നടുകയും കാവിനെ അടുത്തറിയുകയും ചെയ്തു.

# ഒരേ ഒരു ഭൂമി




എ എം എം എച്ച് എസ് ഇടയാറൻമുള പരിസ്ഥിതി ക്ലബ്ബിന്റെ വർഷത്തെ പ്രവർത്തന ഉദ്ഘാടനം ജൂൺ ആറാം തീയതി തിങ്കളാഴ്ച സ്കൂൾ ഐടി ലാബിൽ വച്ച് നടത്തപ്പെട്ടു. സ്കൂൾ ഗായക സംഘത്തിന്റെ പ്രാർത്ഥനയോടുകൂടി ആരംഭിച്ച യോഗത്തിന് പരിസ്ഥിതി ക്ലബ്ബ് സെക്രട്ടറി ശ്രീമതി ലീമ മത്തായി സ്വാഗതം ആശംസിച്ചു. സ്റ്റാഫ് സെക്രട്ടറി ശ്രീമതി സുനു മേരി സാമുവൽ അധ്യക്ഷത വഹിച്ചു. ളാക സെന്തോം മാർത്തോമാ ചർച്ച് അസിസ്റ്റന്റ് വികാരി റവ. റെജി ഡാൻ

കെ ഫിലിപ്പോസ് നിലവിളക്ക് കൊളുത്തി ഉദ്ഘാടന കർമ്മം നിർവഹിച്ചു. നമ്മുടെ പരിസ്ഥിതി നാം തന്നെ സംരആറന്മുള വികസന സമിതിയുടെ ആറന്മുള വികസന സമിതിയുടെ നേതൃത്വത്തിൽ നടത്തിയ പരിസ്ഥിതി ദിന പരിപാടികളിൽ ഇടയാറന്മുള എ. എം.എം.എച്ച്.എസ്.എസി ലെ പരിസ്ഥിതി ക്ലബ്ബിലെ വിദ്യാർത്ഥികളും അദ്ധ്യാപകരും പങ്കെടുത്തു. കിടങ്ങന്നൂർ പള്ളിമുക്കത്ത് കാവ് സംരക്ഷണത്തിന്റെ ഭാഗമായി കുട്ടികൾ വൃക്ഷത്തൈകൾ നടുകയും കാവിനെ അടുത്തറിയുകയും ചെയ്തു.നേതൃത്വത്തിൽ നടത്തിയ പരിസ്ഥിതി ദിന പരിപാടികളിൽ ഇടയാറന്മുള എ. എം.എം.എച്ച്.എസ്.എസി ലെ പരിസ്ഥിതി ക്ലബ്ബിലെ വിദ്യാർത്ഥികളും അദ്ധ്യാപകരും പങ്കെടുത്തു. കിടങ്ങന്നൂർ പള്ളിമുക്കത്ത് കാവ് സംരക്ഷണത്തിന്റെ ഭാഗമായി കുട്ടികൾ

വൃക്ഷത്തൈകൾ നടുകയും കാവിനെ

അടുത്തറിയുകയും ചെയ്തു.ക്ഷിക്കണമെന്ന് അദ്ദേഹം

കുഞ്ഞുങ്ങളെ മനസ്സിലാക്കി. കുമാരി നിവേദിത ഹരികുമാർ

പരിസ്ഥിതി ഗാനം ആലപിച്ചു. കുമാരി റബേക്ക മറിയം കുര്യൻ

പരിസ്ഥിതി പ്രതിജ്ഞ എല്ലാ വിദ്യാർത്ഥികൾക്കും ചൊല്ലി

കൊടുത്തു. സീനിയർ ടീച്ചർമാരായ ലെജി വർഗീസ്, സന്ധ്യ

ജി. നായർ എന്നിവർ ആശംസ അറിയിച്ചു. കുമാരി ഹന്ന

മറിയം മത്തായി കൃതജ്ഞത രേഖപ്പെടുത്തി. യുപി, എച്ച്എസ്

വിഭാഗം കുട്ടികളിൽ നിന്ന്40 കുട്ടികൾ പങ്കെടുത്തു.

# വായനാദിനാചരണം



ജൂൺ 19 വായനാദിനവുമായി ബന്ധപ്പെട്ട് വായനാ വാരാഘോഷവും സ്കൂൾ ലൈബ്രറിയുടെ പ്രവർത്തന ഉദ്ഘാടനവും ജൂൺ 17ാം തീയതി ഉച്ചയ്ക്ക് ഒരു മണിക്ക് ശ്രീമതി മാലേത്ത് സരളാദേവി നിർവഹിച്ചു. സ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി അനില സാമുവൽ അധ്യക്ഷത വഹിച്ച യോഗത്തിൽ ശ്രീമതി പ്രൈയിസി ചെറിയാൻ സ്വാഗതം അർപ്പിച്ചു .സീനിയർ അസിസ്റ്റൻറ് ശ്രീ അനീഷ് ബെഞ്ചമിൻ സർ ആശംസ അറിയിച്ചു

ആര്യഭട്ട ദിനാചരണം

20/6/22 തിങ്കളാഴ്ച ഉച്ചയ്ക്ക് ഒരു മണിക്ക് ഹൈസ്കൂൾ കുട്ടികൾക്കായിഉപന്യാസ മത്സരം സംഘടിപ്പിച്ചു . കൃപ മറിയം മത്തായി ഒന്നാം സ്ഥാനവും അപർണ എംസി രണ്ടാം സ്ഥാനവും നേടി. ഹന്നാ മറിയം മത്തായി

അബീഷ എസ് എന്നിവർ മൂന്നാം സ്ഥാനത്തിന് അർഹരായി.21/6/22 ചൊവ്വാഴ്ച യുപി ഹൈസ്കൂൾ കുട്ടികൾക്കായി പ്രസംഗമത്സരം നടത്തി." വായന മനുഷ്യനന്മയ്ക്ക്" എന്നതായിരുന്നു വിഷയം.യുപി വിഭാഗത്തിൽ ആൻ മരിയ സോജൻ ഒന്നാം സ്ഥാനവും ആർദ്ര ആർ ,നിവേദ് രാജ് എന്നിവർ രണ്ടാം സ്ഥാനവും ലാവണ്യ മണിക്കുട്ടൻ മൂന്നാം സ്ഥാനവും നേടി.ഹൈസ്കൂൾ വിഭാഗത്തിൽ ഹനാൻ ഫിലിപ് എബി ,ഏബൽ ജിയോ ബിജു, പാർത്ഥജിത്ത്ആര്യഭട്ട ദിനാചരണം എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

# ആര്യഭട്ട ദിനാചരണം



എ. എം. എം ഹയർസെക്കൻഡറി സ്കൂൾ ഇടയാറന്മുള ജൂൺ 28 മാത്സ് ക്ലബ് ഉദ്ഘാടനവും, ആര്യഭട്ട ദിനാചരണ നടത്തി. സ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി അനില കെ സാമുവൽ ഉദ്ഘാടനവും അനീഷ് ബെഞ്ചമിൻ ( സീനിയർ മാത്സ് അദ്ധ്യാപകൻ) സ്വാഗതമാശംസിച്ചു. ക്ലബ്ബിന്റെ പ്രവർത്തനത്തെപ്പറ്റി സംസാരിച്ചു. കുട്ടികൾ ആര്യഭട ചിത്രവും, പോസ്റ്ററുകളും നിർമിക്കുകയും ആര്യഭട യുടെ കണ്ടുപിടുത്തങ്ങളെ പറ്റി വിവരണം നടത്തുകയും ചെയ്തു. റിൻസി സന്തോഷ്, സൂസൻ ബേബി, എബിൻ ജിയോ മാത്യു എന്നി അദ്ധ്യാപകർ പങ്കെടുത്തു സംസാരിച്ചു.

# എ . പി . ജെയുടെ ഓർമകളിലൂടെ



മുൻ രാഷ്ട്രപതി ഡോക്ടർ എ.പി.ജെ അബ്ദുൽ കലാമിന്റെ സ്മരണാർത്ഥം ഇംഗ്ലീഷ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിന്റെ 8 -8- 2022 ന് അസംബ്ലി നടത്താനായിട്ട് സാധിച്ചു. പ്രാർത്ഥനാ ഗാനത്തോട് കൂടി അസംബ്ലി ആരംഭിക്കുകയും കുമാരി റബേക്കാ മറിയം കുര്യൻ സ്വാഗത പ്രസംഗം നടത്തുകയും ചെയ്തു. s

# വിജയോത്സവം 2022



പത്തനംതിട്ട ജില്ലയിലെ ഇടയാറന്മുള എ.എം.എം ഹയർസെക്കൻഡറി സ്കൂളിൽ തന്നാണ്ടിലെ പ്രതിഭാ സംഗമമായ വിജയോത്സവം 2022 സെപ്റ്റംബർ 20 ചൊവ്വാഴ്ച നടത്തപ്പെട്ടു. ളാക സെന്തോം ഇടവകയുടെ അസി.വികാരി റവ.റെജി ഡാൻ ഫീലിപ്പോസ് അവറുകൾ മീറ്റിംഗിനു അധ്യക്ഷത വഹിച്ചു.സ്കൂൾ പ്രിൻസിപ്പാൾ ശ്രീമതി ലാലി ജോൺ സ്വാഗതം ആശംസിച്ചു .ഡിസ്ട്രിക്റ്റ് പഞ്ചായത്ത് എഡ്യുക്കേഷൻ സ്റ്റാൻറ്റിംഗ് കമ്മറ്റി ചെയർമാൻ ശ്രീ അജയകുമാർ അവറുകൾ വിജയോത്സവം 2022 ഉദ്ഘാടനം ചെയ്തു.യോഗത്തിൽ അവാർഡ് ദാനം നിർവഹിച്ചത് പത്തനംതിട്ട കാതോലിക്കേറ്റ് കോളേജ് ഇംഗ്ലീഷ് വിഭാഗം അധ്യാപകൻ ശ്രീ.റിജോ ജോൺ ആണ്. സ്കൂൾ വിക്കി

അവാർഡ് സ്കൂളിനു നേടി തന്ന ശ്രീമതി ആശ ടീച്ചർ, ജെബി സാർ ,എൻ സി സി ക്യാപ്റ്റനായി പദവി ലഭിച്ച ശ്രീ.സിബി മത്തായി തുടങ്ങിയവരെ ആദരിക്കുകയു പഠനത്തിൽ മികവു പുലർത്തിയവർക്കു മെമൻ്റൊ നൽകുകയും ചെയ്തു. ലിറ്റിൽ കൈറ്റ്സ് കുട്ടികൾ തയ്യാറാക്കിയ ഹ്രസ്വ ചിത്രത്തിനുള്ള അവാർഡും സമ്മാനിച്ചു. യോഗത്തിന് അവതാരകരായി എത്തിയത് ജെബി തോമസ്, സുനു മേരി ശമുവേൽ, ആൻസി രാജൻ എന്നീ അധ്യാപകരും,മെറീന വർഗീസ്, ഷീന മാത്യു, ലക്ഷ്മി പ്രസാദ് തുടങ്ങിയ അധ്യാപകർ കുട്ടികളുടെ അവാർഡ് ദാനത്തിനും നേതൃത്വം നൽകി. സ്കൂൾ മാനേജർ റവ. എബി..റ്റി.മാമ്മൻ,പി ടി എ പ്രസിഡൻ്റ് ശ്രീ എൽദോസ്, സ്കൂൾ ബോർഡ് സെക്രട്ടറി ശ്രീ റെജി വർഗീസ് തുടങ്ങിയവർ ആശംസകൾ അറിയിച്ച യോഗത്തിനു, സ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി. മുൻ രാഷ്ട്രപതി ഡോക്ടർ എ.പി.ജെ അബ്ദുൽ കലാമിന്റെ സ്മരണാർത്ഥം ഇംഗ്ലീഷ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിന്റെ 8 -8- 2022 ന് അസംബ്ലി നടത്താനായിട്ട് സാധിച്ചു. പ്രാർത്ഥനാ ഗാനത്തോട് കൂടി അസംബ്ലി ആരംഭിക്കുകയും കുമാരി റബേക്കാ മറിയം കുര്യൻ സ്വാഗത പ്രസംഗം നടത്തുകയും ചെയ്തു. കുമാരി അനഘ

ഏ യുടെ പ്രസംഗം, കുമാരി അനുശ്രീ പത്തനംതിട്ട ജില്ലയിലെ ഇടയാറന്മുള എ.എം.എം ഹയർസെക്കൻഡറി സ്കൂളിൽ തന്നാണ്ടിലെ പ്രതിഭാ സംഗമമായ വിജയോത്സവം 2022 സെപ്റ്റംബർ 20 ചൊവ്വാഴ്ച നടത്തപ്പെട്ടു. ളാക സെന്തോം ഇടവകയുടെ അസി.വികാരി റവ.റെജി ഡാൻഫീലിപ്പോസ് അവറുകൾ മീറ്റിംഗിനു അധ്യക്ഷത വഹിച്ചു.സ്കൂൾ പ്രിൻസിപ്പാൾ ശ്രീമതി ലാലി ജോൺ സ്വാഗതം ആശംസിച്ചു .ഡിസ്ട്രിക്റ്റ് പഞ്ചായത്ത് എഡ്യുക്കേഷൻ സ്റ്റാൻറ്റിംഗ് കമ്മറ്റി ചെയർമാൻ ശ്രീ അജയകുമാർ അവറുകൾ വിജയോത്സവം 2022 ഉദ്ഘാടനം ചെയ്തു.യോഗത്തിൽ അവാർഡ് ദാനം നിർവഹിച്ചത് പത്തനംതിട്ട കാതോലിക്കേറ്റ് കോളേജ് ഇംഗ്ലീഷ് വിഭാഗം അധ്യാപകൻ ശ്രീ.റിജോ ജോൺ ആണ്. സ്കൂൾ വിക്കി അവാർഡ് സ്കൂളിനു നേടി തന്ന ശ്രീമതി ആശ ടീച്ചർ, ജെബി സാർ ,എൻ സി സി ക്യാപ്റ്റനായി പദവി ലഭിച്ച ശ്രീ.സിബി മത്തായി തുടങ്ങിയവരെ ആദരിക്കുകയു പഠനത്തിൽ മികവു പുലർത്തിയവർക്കു മെമൻ്റൊ നൽകുകയും ചെയ്തു. ലിറ്റിൽ കൈറ്റ്സ് കുട്ടികൾ തയ്യാറാക്കിയ ഹ്രസ്വ ചിത്രത്തിനുള്ള അവാർഡും സമ്മാനിച്ചു. യോഗത്തിന് അവതാരകരായി എത്തിയത് ജെബി തോമസ്, സുനു മേരി ശമുവേൽ, ആൻസി രാജൻ എന്നീ അധ്യാപകരും,മെറീന വർഗീസ്, ഷീന മാത്യു,

ലക്ഷ്മി പ്രസാദ് തുടങ്ങിയ അധ്യാപകർ കുട്ടികളുടെ അവാർഡ് ദാനത്തിനും നേതൃത്വം നൽകി. സ്കൂൾ മാനേജർ റവ. എബി..റ്റി.മാമ്മൻ,പി ടി എ പ്രസിഡന്റ് ശ്രീ എൽദോസ്, സ്കൂൾ ബോർഡ് സെക്രട്ടറി ശ്രീ റെജി വർഗീസ് തുടങ്ങിയവർ ആശംസകൾ അറിയിച്ച യോഗത്തിനു, സ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി. അനിലാ ശമുവേൽ നന്ദി അറിയിച്ചു.ലിറ്റിൽ കൈറ്റ്സ് കുട്ടികൾ എല്ലാ പ്രവർത്തനങ്ങളും ഡോക്യുമെന്റ് ചെയ്തു.അനിലിന്റെ ഡോക്ടർ അബ്ദുൽ കലാമിന്റെ പ്രശസ്തമായ മഹത് വചനങ്ങളുടെ അവതരണം എന്നിവ നടത്തപ്പെട്ടു. കൂടാതെ വാർത്താ തലക്കെട്ടുകളുടെ വായന, പ്രതിജ്ഞ ചൊല്ലൽ, കൃതജ്ഞത പറയൽ എന്നിവയും കുട്ടികളുടെ നേതൃത്വത്തിൽ തന്നെ അടുക്കും ചിട്ടയോടും കൂടി അസംബ്ലിയിൽ നടത്തി.കുമാരി നിവേദിത ഹരികുമാറിന്റെ ഭംഗിയായ അവതരണം അസംബ്ലിയെ അങ്ങേയറ്റം ആകർഷകമാക്കി.

# യോദ്ധാവ്



ലഹരിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനും വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിനും വിവിധ തലങ്ങളിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും 2022 ഒക്ടോബർ ട മുതൽ നവംബർ 1 വരെ സംസ്ഥാനത്ത് ഉടനീളം ഒരു തീവ്രയജ്ഞ പരിപാടി ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് ബഹുമുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ഒക്ടോബർ ആറാം തീയതി രാവിലെ 10 മണിക്ക് ലഹരി വിരുദ്ധ പ്രചാരണ പ്രവർത്തനത്തിന്റെ സംസ്ഥാനതല ഉദ്ഘാടന പ്രസംഗം കൈറ്റ് വിക്ടേഴ്സ് ചാനൽ വഴി പ്രദർശിപ്പിച്ചു. ഈ മീറ്റിംഗിൽ സ്കൂൾ പ്രിൻസിപ്പൽ ലാലി ജോൺ സ്കൂൾ ഹെഡ്മിസ്ട്രസ് അനില സാമുവേൽ കുട്ടികൾക്കും രക്ഷിതാക്കൾക്കും ബോധവൽക്കരണ സന്ദേശം നൽകി.

# വിദ്യാർത്ഥികൾക്കുള്ള ബോധവൽക്കരണ ക്ലാസ്സ്



ലഹരിക്കെതിരെ ഒന്നിച്ച് അണിചേരുന്നതിന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടക്കുന്ന സുദീർഘമായ കർമ്മപരിപാടിയിൽ കേരളത്തിലെ വിദ്യാർത്ഥി സമൂഹത്തെ ഒന്നിപ്പിക്കുന്നതിനായി തയ്യാറാക്കിയ യു.പി വിഭാഗം വിദ്യാർത്ഥി പരിശീലന മോഡ്യൂൾ "ആന്റി ഡ്രഗ് ക്യാമ്പയിൻ" യു.പി വിഭാഗം റിസോഴ്സ് പേഴ്സൺ ആയ എബിൻ ജിയോ മാത്യു സർ വിദ്യാർത്ഥികൾക്ക് ബോധവൽക്കരണ ക്ലാസ് എടുത്ത് കൊടുത്തു.ആരോഗ്യ ശീലങ്ങളെ പറ്റിയും ലഹരി വസ്തുക്കളുടെ ഉപയോഗം അഭികാമ്യമായ ആരോഗ്യ ശീലങ്ങളിൽ വരില്ലെന്ന

അറിവും കുട്ടികളിൽ എത്തിച്ചു. മോഡ്യൂളിൽ ഉൾപ്പെട്ട പാട്ട് കഥാപ്രസംഗം എന്നിവയിലൂടെ അഭികാമ്യമല്ലാത്ത കാര്യങ്ങളോട് എന്ത് നിലപാട് എടുക്കണം എന്ന ധാരണ കുട്ടികളിൽ വികസിപ്പിച്ചു. മീറ്റിങ്ങിൽ സ്കൂൾ ഹെഡ്മിസ്ട്രസ് അനില സാമുവൽ യു.പിയിലെ എല്ലാ അധ്യാപകരും പങ്കെടുത്തു.



കേരള പോലീസിന്റെ ലഹരി വിരുദ്ധ ക്യാമ്പയിനായ **യോദ്ധാവ്**  പ്രോജെക്ടിൽ പങ്കാളികളായ സ്.പി.സി കേഡറ്റ്സ്  22/10 /22 ശനിയാഴ്ച രാവിലെ 9 മണിക്ക് സി.പി.ഓ മാരുടെ നേതൃത്വത്തിൽ    മിനി മാരത്തോൺ ആറന്മുള പോലീസ് സ്റ്റേഷന്റെ സഹകരണത്തോടെ

നടത്തി. ആറന്മുള സ്.ഹ.ഓ ആയിരിക്കുന്ന സി.ഐ : സി.കെ  മനോജ് സർ മാരത്തോൺ ഉത്ഘാടനം നടത്തി..കേഡറ്റിസിന്റെ സല്യൂട്ട് സ്വീകരിച്ചു. സ്റ്റേഷൻ പോലീസ് വാനിന്റെ അകമ്പടിയോടുകൂടി സ്റ്റേഷനിൽ നിന്ന് തുടങ്ങി തറയിൽമുക്ക്, പോലീസ് പാർക്ക്, എഞ്ചിനീയറിംഗ് കോളേജ് കടന്നു തിരികെ സ്റ്റേഷനിൽ എത്തുന്നതായിരുന്നു കൂട്ടയോട്ടം.. ഈ പരിപാടിക്ക് ജനങ്ങളിൽ നിന്ന് നല്ല സപ്പോർട്ട് കിട്ടി

# കേരളം പിറവി ആഘോഷം



പത്തനംതിട്ട ജില്ലയിലെ ഇടയാറാൻമുള എ.എം.എം ഹയർ സെക്കൻഡറി സ്കൂളിൽ കേരളത്തിന്റെ 66 മത്തെ പിറന്നാൾ നവംബർ ഒന്നാം തീയതി വിപുലമായി ആഘോഷിച്ചു. ഈശ്വര പ്രാർത്ഥനയോടുകൂടി ആരംഭിച്ച സ്കൂൾ അസംബ്ലിയിൽ സ്വാഗതം ആശംസിച്ചത് സ്കൂൾ പ്രിൻസിപ്പൽ ശ്രീമതി ലാലി ജോൺ ആണ്.സംഗീത അധ്യാപകനായ അജിത്ത് കുമാർ സാറിന്റെ നേതൃത്വത്തിൽ 66 വിദ്യാർത്ഥികൾ ആലപിച്ച കേരളപ്പിറവി ഗാനം കാതിന് കുളിർമയേകി.സ്കൂൾ ലൈബ്രറിയിൽ നടന്ന ശ്രീമതി കെ വി ഏലിയാമ്മ ടീച്ചർ സ്മാരക പ്രസംഗ മത്സരത്തിൽ ധാരാളം വിദ്യാലയങ്ങളിൽ നിന്ന് വിദ്യാർത്ഥികൾ പങ്കെടുത്തു.പ്രസംഗ മത്സരത്തിന് വിധികർത്താക്കളായി എത്തിയത് ഡോക്ടർ ജയശ്രീ, ഡോക്ടർ രമേഷ് കുമാർ ബി,ശ്രീമതി കെ വി അന്നമ്മ തുടങ്ങിയവർ ആണ്. ഇടയാറമുള എ എം എം ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർത്ഥികൾ ഹൈസ്കൂൾ, ഹയർ സെക്കൻഡറി തലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

# <u>ആറന്മുള ഉപജില്ല</u>
# <u>ശാസ്ത്രോത്സവം</u>




പത്തനംതിട്ട ജില്ലയിലെ ഇടയാറന്മുള എ എം എം ഹയർ സെക്കൻഡറി സ്കൂളിൽ 2022 ഒക്ടോബർ 19 ന് ആറന്മുള ഉപജില്ല ശാസ്ത്രോത്സവം നടന്നു.ശാസ്ത്ര സാമൂഹ്യശാസ്ത്ര ഗണിതശാസ്ത്ര പ്രവർത്തിപരിചയ ഐടി മേളകൾ ശാസ്ത്രോത്സവത്തിലെ വിവിധ മേളകളാണ്.പ്രാർത്ഥനാ ഗാനത്തോടെ ആരംഭിച്ച ഉപജില്ലാ മേളക്ക് സ്വാഗതം അറിയിച്ചത് സ്കൂൾ പ്രിൻസിപ്പൽ ലാലി ജോൺ ആണ്. ഉദ്ഘാടനം നിർവഹിച്ചത് ആറന്മുള ഉപ ജില്ലയുടെ എ ഇ ഒ നിഷ ടീച്ചറാണ്.മേളയ്ക്ക് അദ്ധ്യക്ഷപദം അലങ്കരിച്ചത് സ്കൂൾ മാനേജർ എബി ടി മാമ്മൻ ആണ്. വിവിധ

മേളകളുടെ ചുമതലാ പ്രതിനിധിൾ ആശംസകൾ അറിയിച്ചു.

കോവിഡിന് ശേഷമുള്ള  ശാസ്ത്രമേളയിൽ അധ്യാപകരും കുട്ടികളും രക്ഷകർത്താക്കളും  ഉത്സാഹത്തോടെ പങ്കെടുത്തു.  കുട്ടികൾക്ക് വിവിധ മേഖലകളിലുള്ള മികവുകൾ  പ്രകടിപ്പിക്കുന്നതിനുള്ള വേദിയാണ് ശാസ്ത്രോത്സവം.ലിറ്റിൽ കൈറ്റ്സ് നേതൃത്വം നൽകിയ യങ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം പോലുള്ള പരിശീലനത്തിൽ നിന്നും ലഭിച്ച ആശയങ്ങൾ ശാസ്ത്രോത്സവത്തിൽ വിദ്യാർത്ഥികൾ പ്രയോജനപ്പെടുത്തി.മേളയ്ക്ക്

# പാഠ്യപദ്ധതി പരിഷ്കരണം



പത്തനംതിട്ട ജില്ലയിലെ ഇടയാറൻമുള എ എം എം ഹയർ സെക്കൻഡറി സ്കൂളിൽ പാഠ്യപദ്ധതി ചട്ടക്കൂടുകൾ രൂപീകരിക്കുവാനുള്ള ജനകീയ ചർച്ച 2022 നവംബർ പതിനൊന്നാം തീയതി സ്കൂൾ ഹാളിൽ 2.30 പി എമ്മിന് നടന്നു. യോഗത്തിൽ ജനപ്രതിനിധികൾ, വിദ്യാഭ്യാസ പ്രവർത്തകർ, രക്ഷിതാക്കൾ തുടങ്ങിയവർ പങ്കെടുത്തു. സ്വാഗതം അനുഷ്ഠിച്ചത് സ്കൂൾ പ്രിൻസിപ്പൽ ശ്രീമതി ലാലി ജോൺ ആണ്. പി. ടി. എ പ്രസിഡണ്ട് ശ്രീ സന്തോഷ് കുമാർ അധ്യക്ഷത നിർവഹിച്ചു. പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട ജനകീയ ചർച്ചയ്ക്ക് നേതൃത്വം നൽകിയത്

സംസ്ഥാന വിദ്യാഭ്യാസ സമിതി ചെയർമാൻ ഡോ. ടി. പി കലാധരൻ സാറാണ്.

പഞ്ചായത്ത് മെമ്പർ ശ്രീ. ജോസ് തോമസ്, റെവ. റെജി ഡാനിയേൽ അച്ഛൻ, റിട്ടയേർഡ് ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ ശ്രീ രവീന്ദ്രൻ സാർ തുടങ്ങിയവർ യോഗത്തിൽ സന്നിദ്ധരായിരുന്നു. വിദ്യാഭ്യാസ പ്രവർത്തകരും, രക്ഷിതാക്കളും ആറ് ഗ്രൂപ്പുകളായി തിരിഞ്ഞ് പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ജനകീയ ചർച്ചയിൽ പങ്കെടുത്ത് കുറിപ്പുകൾ തയ്യാറാക്കി.

# ലഹരി വിരുദ്ധ ക്യാമ്പയിൻ രണ്ടാംഘട്ട ഉദ്ഘാടനം



*ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനും വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിനും ഉള്ള തീവ്ര യജ്ഞ പരിപാടി സംസ്ഥാനത്തെ സ്കൂളുകളിൽ ആവിഷ്കരിച്ച് നടപ്പിലാക്കികൊണ്ടിരിക്കുന്നു.അതിന്റെ ഒന്നാംഘട്ട പരിപാടികൾ 2022 ഒക്ടോബർ 6 മുതൽ നവംബർ ഒന്നു വരെ നടത്തുകയും ചെയ്തു.തീവ്രയജ്ഞ പരിപാടിയുടെ രണ്ടാം ഘട്ടം നവംബർ 14 മുതൽ*

ജനുവരി 26 വരെ നടപ്പിലാക്കാൻ തീരുമാനിച്ചു. രണ്ടാം ഘട്ട പരിപാടിയുടെ ആരംഭമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി നവംബർ 14 ന് വിക്ടേഴ്സ് ചാനൽ മുഖേന വിദ്യാർത്ഥികളെ അഭിസംബോധന ചെയ്തു.മുഖ്യമന്ത്രിയുടെ ഈ സന്ദേശം ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ നേതൃത്വത്തിൽ ക്ലാസുകളിൽ പ്രദർശിപ്പിക്കുകയും ലഹരി വിമുക്ത തീവ്രയജ്ഞ പരിപാടിയുടെ രണ്ടാംഘട്ടത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് കുട്ടികളെ ബോധവൽക്കരിക്കുകയും ചെയ്തു.

# ശിശുദിന ആഘോഷം




ഇടയാറന്മുള എ എം എം ഹയർ സെക്കൻഡറി സ്കൂളിലെ ശിശുദിന ആഘോഷം വിപുലമായ പരിപാടികളോട് നവംബർ പതിനാലാം തീയതി സ്കൂൾ അങ്കണത്തിൽ നടത്തി.ആഘോഷങ്ങൾക്ക് സ്വാഗത പ്രസംഗം നടത്തിയത് സ്റ്റാഫ് സെക്രട്ടറി ശ്രീമതി സുനു മേരി സാമുവേൽ ആണ്. പ്രാർത്ഥനാ ഗാനത്തോടെ ആരംഭിച്ച സ്കൂൾ അസംബ്ലിയിൽ അധ്യക്ഷത വഹിച്ചത് പിടിഎ പ്രസിഡണ്ട് ശ്രീ. സന്തോഷ് അമ്പാടിയാണ്.കുട്ടികൾ ഗാന്ധിജി, ചാച്ചാജി,ഇന്ദിരാഗാന്ധി, ജാൻസി റാണി, ഭാരതാംബ, അക്കാമ ചെറിയാൻ, ഭഗത് സിംഗ്,

ഉണ്ണിയാർച്ച, സരോജിനി നായിഡു തുടങ്ങിയ നേതാക്കളുടെ വേഷം അണിഞ്ഞ് അസംബ്ലിക്ക് ശിശുദിനപരിവേഷം നൽകി. കൃതജ്ഞത അറിയിച്ചത് സീനിയർ അസിസ്റ്റന്റ് ശ്രീ അനീഷ് ബെഞ്ചമിൻ ആണ്.ശിശുദിന ആഘോഷങ്ങളോടനുബന്ധിച്ച് ദേശഭക്തിഗാനം, ഫ്ലാഷ് മോബ്, ശിശുദിന റാലി തുടങ്ങിയ പരിപാടികൾ സ്കൂളിൽ സംഘടിപ്പിച്ചു.

## ലോക ഡയബറ്റിക് ദിനം



ഹെൽത്ത് ക്ലബ്ബിന്റെ നേതൃത്വത്തിൽ ലോക ഡയബറ്റിക് ദിനത്തോടനുബന്ധിച്ച് ബോധവൽക്കരണ റാലി സംഘടിപ്പിച്ചു.

# നെൽകൃഷി പരിശീലനം



പത്തനംതിട്ട ജില്ലയിലെ ഇടയാറൻമുള എ.എം.എം ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർത്ഥികൾക്ക് നെൽകൃഷി പരിശീലനം ഫോറസ്റ്ററി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടത്തി.വാളോത്തിൽ പാഠശേഖരസമിതി, ഇടയാറൻമുള ളാകസെന്തോം മാർത്തോമ ചർച്ചിലെ സഹവികാരി റവ. റെജി ഡാൻ കെ ഫീലിപ്പോസ് ഞാറനടയിൽ ഉദ്ഘാടനം ചെയ്തു.വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം കൃഷി പരിശീലനം ലക്ഷ്യമിട്ടുകൊണ്ടാണ് ഈ പ്രോഗ്രാം നടത്തിയത്. സ്കൂളിലെ അധ്യാപകരായ എബി മാത്യു ,സന്ധ്യ ജി നായർ,അഞ്ജലി ദേവി തുടങ്ങിയവർ അവരുടെ കുട്ടിക്കാലം ഓർമ്മകൾ വിദ്യാർത്ഥികൾക്ക് പങ്കുവെച്ചു. പ്രമുഖ കർഷകനായ ഉത്തമനും, ശിവജിയും ഞാറ് നടിയിൽ പരിശീലനം വിദ്യാർത്ഥികൾക്ക് നൽകി. വിദ്യാർത്ഥികൾ ഞാറനടിയിൽ പാട്ടുകൾ പാടി ആഘോഷമാക്കി.

# യങ് ഇന്നോവേറ്റേഴ്സ് പ്രോഗ്രാം




ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾ വഴി 8 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് യങ് ഇന്നോവേറ്റേഴ്സ് പ്രോഗ്രാം(YIP) സംബന്ധിച്ച പരിശീലനം നടത്തി. ഒക്ടോബർ 10 മുതൽ  വിവിധ സെഷനുകളായി  ഒരു മണിക്കൂർ ദൈർഘ്യമുള്ള ഈ പരിശീലനം ആയിരുന്നു.ഒന്നാം ഭാഗം പരിശീലനം പൂർത്തിയായശേഷം YIP പ്രോഗ്രാമിൽ പങ്കാളികളാകാൻ

താല്പര്യമുള്ള കുട്ടികൾക്കായി മൊഡ്യൂളിന്റെ രണ്ടാം ഭാഗം പരിശീലനം നടത്തി.

# വേൾഡ് കപ്പ് 1 മില്യൺ ഗോൾ



വേൾഡ് കപ്പ് ഫുട്ബോളിന്റെ ആരവം ഉയരുന്നതിന് മുന്നോടിയായി കേരള സർക്കാരും, ജില്ല സ്പോർട്സ് കൗൺസിലും സയുംക്തമായി സംഘടിപ്പിക്കുന്ന പരിപാടിയുടെ ഭാഗമായി പത്തനംതിട്ട ജില്ലയിലെ ഇടയാറന്മുള എ. എം. എം. ഹയർ സെക്കൻഡറി സ്കൂളിൽ

വെച്ച് നടന്ന വേൾഡ് കപ്പ് 1 മില്യൺ ഗോളിന്റെ ഉത്ഘാടനം പി ടി എ വൈസ് പ്രസിഡന്റ് സൗമ്യ ബിജു നിർവഹിച്ചു. എം എം എം ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ ലാലി ജോൺ ,ഹെഡ്മിസ്ട്രസ്സ് അനില സാമുവൽ, കായിക അധ്യാപകൻ അജിത്ത് എബ്രഹാം,എബിൻ ജിയോ മാത്യു, പി.ടി.എ എക്സിക്യൂട്ടിവ് അംഗം ശ്രീമതി. സുഷമ ബി, പൂർവ വിദ്യാർഥികൾ, സ്കൂൾ ഫുട്ബോൾ ടീം അംഗങ്ങൾ തുടങ്ങിയവർ 101 ഗോൾ അടിച്ച് ആരവത്തിൽ പങ്കുചേർന്നു. ശേഷം സ്കൂൾ ഫുട്ബോൾ ടീമിന്റെ സൗഹൃദ മത്സരവും അരങ്ങേറി.

# സ്കൂൾ അസംബ്ലി



വിശാലമായ കളിസ്ഥലം,നവീകരിച്ച ബാസ്കറ്റ് ബോൾ ഗ്രൗണ്ട് , ഇൻഡോർ ,ഔട്ട്ഡോർ ഗെയിംസിനുള്ള ഉപകരണങ്ങൾ തുടങ്ങിയവ നമ്മുടെ സ്കൂളിന്റെ പ്രത്യേകതകളാണ്.







# ബാസ്കറ്റ് ബോൾ ടീം







# ഫുട്ബോൾ ടീം







# ഓണവില്ല് 2k22

















# ക്രിസ്മസ്













# സ്കൂൾ വാർഷികം









# പഠനോത്സവം








# ഫാർമിങ്& ഗാർഡനിങ്













# ഡൈനിങ്ങ് ഹാൾ









വിദ്യാർഥികളുടെ പ്രഭാതഭക്ഷണം, ഉച്ചഭക്ഷണം, ആഘോഷവേളകളിലെ സദ്യ, വിവിധ യൂണിറ്റ് പ്രവർത്തനങ്ങൾക്ക് കൊടുക്കുന്ന ഉച്ചഭക്ഷണം തുടങ്ങിയവ സ്കൂൾ പാചകപ്പുരയിൽ തയ്യാറാക്കുന്നു. ആധുനിക സൗകര്യങ്ങളോടുകൂടിയ പാചകപ്പുര ആണ് ഉള്ളത്. കുട്ടികൾക്ക് ഇരുന്ന് ഭക്ഷണം കഴിക്കുന്നതിന് ഭക്ഷണശാലയും ക്രമീകരിച്ചിട്ടുണ്ട്.

little KITEs

# അമ്മയറിയാൻ



പത്തനംതിട്ട ജില്ലയിലെ ഇടയാറൻമുള  എ.എം.എം ഹയർ സെക്കണ്ടറി സ്കൂളിൽ  അമ്മ അറിയാൻ എന്ന പേരിലുള്ള കേരള സർക്കാറിന്റെ രണ്ടാം നൂറ് ദിന കർമ പരിപാടി വിപുലമായി നടത്തി. സൈബർ സുരക്ഷാ ക്ലാസിന്റെ സംസ്ഥാനതല ഉദ്ഘാടനം 2022 മെയ് 7 ശനിയാഴ്ച 11 മണിക്ക് തിരുവനന്തപുരത്ത് ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി നിവഹിക്കുകയുണ്ടായി. തുടർന്ന്  പ്രസ്തുത പരിപാടിയുടെ പത്തനംതിട്ട ജില്ലയിലെ ഉദ്ഘാടനം ഇടയാറന്മുള എഎംഎം ഹയർ സെക്കന്ററി സ്കൂളിൽ ആറന്മുള ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ഷീജ റ്റി ടോജി ഉദ്ഘാടനം നിർവ്വഹിച്ചു.

ലിറ്റിൽ കൈറ്റ്സ് കുട്ടികൾ നേതൃത്വം നൽകുന്ന

സൈബർ സുരക്ഷാ ക്ലാസ്സിൽ ഇന്റർനെറ്റിന്റെ

സുരക്ഷിത ഉപയോഗം,മൊബൈൽ ഫോൺ ഉപയോഗം

സുരക്ഷയൊരുക്കാൻ പാസ്‌വേഡുകൾ, വാർത്തകളുടെ കാണാലോകം, ഇന്റർനെറ്റിലെ ചതിക്കുഴികൾ, ഇന്റർനെറ്റ് ജാഗ്രതയോടെ പ്രയോജനപ്പെടുത്താം തുടങ്ങിയ 30 മിനിറ്റ് ദൈർഘ്യമുള്ള രണ്ടര മണിക്കൂറിന്റെ അഞ്ച് സെക്ഷനോടുകൂടിയാണ് പരിശീലനം നടന്നത്. പരിശീലനത്തിന് പത്തനംതിട്ട കൈറ്റ്  ഡിസ്റ്റിക് കോഡിനേറ്റർ സുദേവ് സാർ, ഹെഡ്മിസ്ട്രസ് അനില ശാമുവേൽ, പി ടി എ പ്രസിഡന്റ് എൽദോസ് വർഗീസ്, ലിറ്റിൽ കൈറ്റ്സ് മിസ്ട്രെസ്സ് ആഷ പി മാത്യു,  കൈറ്റ് മാസ്റ്റർ ജെബി തോമസ് തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു.ലിറ്റിൽ കൈറ്റ്സ് കുട്ടികൾ നേതൃത്വം നൽകുന്ന ഈ സൈബർ സുരക്ഷാ ക്ലാസ്സിന്റെ തുടർന്നുള്ള ബാച്ചുകൾ മെയ് മാസം 10,11 തീയതികളിൽ എ എം എം ഹയർ സെക്കണ്ടറി സ്കൂളിൽ നടന്നു. സമീപപ്രദേശത്തെ മുതിർന്ന അമ്മമാർ ഉൾപ്പെടെ ഏകദേശം 154 പേർ ക്ലാസ്സിൽ ഉത്സാഹത്തോടെ പങ്കെടുത്തു.

റിസോഴ്സ് പേഴ്സൺസ് ആയി എത്തിയ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ മൊബൈൽ ഫോണിന്റെ നൂതന സങ്കേതങ്ങളെ കുറിച്ചുള്ള അറിവ് അമ്മമാർക്ക് പങ്കുവെച്ചു. ഓരോ സെഷനും ക്രോഡീകരണം നടത്തിയത് കൈറ്റ് മിസ്ട്രസ് ആഷ പി മാത്യു ആയിരുന്നു.  ലിറ്റിൽ കൈറ്റ്സ് ലീഡർ ലിജിൻ ജോർജ് ജോൺ ആയിരുന്നു മീറ്റിങ്ങിന് നന്ദി ആശംസിച്ചത്.

# കളരിപ്പയറ്റ്

# ഡോക്കുമെന്റേഷൻ



പത്തനംതിട്ട ജില്ലയിലെ ഇടയാറൻമുള എ. എം. എം. ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ ആഭിമുഖ്യത്തിൽ കളരിപ്പയറ്റ് ഡോക്കുമെന്റേഷൻ ഓഗസ്റ്റ് 13 2022 ന് നടത്തുകയുണ്ടായി.2020-23 ബാച്ചിലെ കുട്ടികളാണ് ഡോക്കുമെന്റേഷന് നേതൃത്വം നൽകിയത്. പത്തനംതിട്ട ജില്ലയിലെ പാറക്കൽ പണിക്കേഴ്സ് കളരിയാണ് കുട്ടികൾ ഡോക്കുമെന്റേഷൻ ആവശ്യത്തിനായി സന്ദർശിച്ചത്. പ്രധാന ഗുരുക്കൾ

ആയ ശ്രീ പ്രകാശ് പണിക്കർ അവർകൾ കുട്ടികൾക്ക് ആവശ്യമായ സഹായങ്ങൾ ചെയ്തു നൽകി.

കേരളത്തിന്റെ പ്രാചീന ആയോധന കലാരൂപം ആണ് കളരിപ്പയറ്റ്. വിവിധങ്ങളായ അഭ്യാസമുറകളും അടവുകളും നിറഞ്ഞ ഈ ഒരു കലാരൂപം കേരളത്തിന്റെ മറ്റ് എല്ലാ കലകളിൽ നിന്നും വ്യത്യസ്തമാകുന്നു. പ്രാചീന കേരളത്തിൽ കളരിപ്പയറ്റ് ജീവിതത്തിന്റെ ഭാഗമായിരുന്നു. ആൺ- പെൺ വ്യത്യാസമില്ലാതെ ബാല്യത്തിൽ തന്നെ കുട്ടികളെ കളരിയിൽ ചേർത്ത് നിരവധി അഭ്യാസന മുറകളിലൂടെ കുട്ടികളെ ശാരീരികമായും മാനസികമായും കളരിപ്പയറ്റിന് പാകപ്പെടുത്തുന്നു. കളരിപ്പയറ്റ് രണ്ട് വിധത്തിൽ ഉണ്ട്. വടക്കൻ കളരിപ്പയറ്റും, തെക്കൻ കളരിപ്പയറ്റും. ഇവയിൽ മെയ്ത്താരി കോൽത്താരി, അങ്കത്താരി, വെറുംകൈ, എന്നിങ്ങനെ വിവിധ അഭ്യാസമുറകൾ കളരിപ്പയറ്റിലുണ്ട്. സംവാദത്തിലൂടെ കുട്ടികൾക്ക് കളരിപ്പയറ്റിലെ ചികിത്സാ മുറകളെ പറ്റിയും ഗുരുക്കൾ വിവരിച്ചു. കളരിപ്പയറ്റിലൂടെ കുട്ടികൾക്ക് നൽകുന്ന ഘട്ടം ഘട്ടമായുള്ള വിവിധങ്ങളായ പരിശീലനമുറകളെ പറ്റിയും ഗുരുക്കൾ കുട്ടികൾക്ക് അറിവ് നൽകി.

വിവിധങ്ങളായ മർമ്മ വിദ്യകൾ , ചുവടുകൾ , വടിവുകൾ തുടങ്ങിയവയെ കുറിച്ചുള്ള അവബോധം സമൂഹത്തിന് നൽകുന്ന ഡോക്കുമെന്റേഷനാണ് ലിറ്റിൽ കൈറ്റ്സ് കുട്ടികൾ തയ്യാറാക്കിയത്.വഞ്ചിപ്പാട്ട്, വിൽപ്പാട്ട് തുടങ്ങിയ നാടൻ കലകളെ കുറിച്ചുള്ള അറിവ് ലിറ്റിൽ കൈറ്റ്സ് കുട്ടികൾക്ക് പകർന്നു തന്നത് മധുസൂദനൻ കെ എസ് പൂവത്തൂർ, ബിനു എം.പി ചങ്ങനാശ്ശേരി തുടങ്ങിയവരാണ്.

# ഐ.റ്റി മേള



ആറന്മുള ഉപജില്ലയുടെ ഐ.റ്റിമേള 17 10 2022 ഇടയാറന്മുള എ.എം.എം ഹയർ സെക്കൻഡറി സ്കൂളിൽ നടന്നു.ജില്ലയുടെ വിവിധ സ്കൂളുകളിൽ നിന്നായി യുപി,എച്ച്.എസ്, എച്ച് എസ്.എസ് വിഭാഗത്തിലെ ധാരാളം കുട്ടികൾ പങ്കെടുത്തു.കോവിഡ് കാലത്തിനു ശേഷമുള്ള ഐ റ്റി മേളയായതിനാൽ കുട്ടികൾ വളരെ ഉന്മേഷത്തോടെയാണ് മേളയിൽ പങ്കെടുത്തത്.യുപി കുട്ടികൾക്കായി ഐടി ക്വിസ്, ഡിജിറ്റൽ പെയിന്റിംഗ്, മലയാളം ടൈപ്പിംഗ് തുടങ്ങിയ ഇനങ്ങൾ ഉണ്ടായിരുന്നു.എച്ച് എസ്, എച്ച്എസ്എസ് വിഭാഗത്തിന് ഡിജിറ്റൽ പെയിന്റിങ്, മലയാളം ടൈപ്പിംഗ്, ഐടി ക്വിസ്, പ്രോഗ്രാമിംഗ്, ആനിമേഷൻ, വെബ് പേജ്

ഡിസൈനിങ് തുടങ്ങിയ തുടങ്ങിയ ഇനങ്ങളും മേളയിൽ ഉണ്ടായിരുന്നു. പത്തനംതിട്ട കൈറ്റ് ഓഫീസിൽ നിന്നും ആറന്മുള ഉപ ജില്ലയുടെ മാസ്റ്റർ ട്രെയിനറായ സോണി പീറ്റർ സാറും, മനു സാർ, സുപ്രിയ ടീച്ചർ തുടങ്ങിയവർ ഐടി മേളയ്ക്ക് നേതൃത്വം നൽകി. സ്കൂളിലെ യുപി,എച്ച്എസ്എസ്,എച്ച് എസ് എസ് വിഭാഗങ്ങളിലായി വിവിധ കുട്ടികൾ മേളയിൽ പങ്കെടുത്ത് സമ്മാനാർഹരായി.

# സത്യമേവ ജയതേ -
# കുടുംബശ്രീ യൂണിറ്റ്



ഇടയാറന്മുള എ.എം.എം ഹയർ സെക്കൻഡറി സ്കൂൾ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ 'സത്യമേവ ജയതേ' എന്ന ബോധവൽക്കരണ പരിപാടി ഇടയാറന്മുള പ്രോഗ്രസീവ് പബ്ലിക് ലൈബ്രറിയുമായി സഹകരിച്ച് ഇടയാറൻമുളയിലെ വിവിധ സ്കൂളുകളിലും കുടുംബശ്രീ യൂണിറ്റുകളിലും നടത്തപ്പെട്ടു... വിവിധ വായനശാലകൾ കേന്ദ്രീകരിച്ചും പരിശീലനം നടന്നു. വായനാശീലം കേന്ദ്രീകരിച്ച് പരിശീലനം നടന്നതിലൂടെ കുട്ടികളിൽ വായനശീലം വളർത്തുവാൻ കഴിഞ്ഞു.

# പടയണി

# ഡോക്കുമെന്റേഷൻ



പത്തനംതിട്ട ജില്ലയിലെ ഇടയാറൻമുള എ എം എം ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ പത്തനംതിട്ട ജില്ലയുടെ അനുഷ്ഠാന കലയായ പടയണിയെ കുറിച്ചുള്ള ഡോക്കുമെന്റേഷൻ നടന്നു.ഈ ഡോക്കുമെന്റേഷൻ തയ്യാറാക്കാനുള്ള അറിവ് പകർന്ന് തന്നത് ശ്രീ വേണുഗോപാൽ, ദേവിവിലാസം കലാലയം ആണ്.കേരളത്തിന്റെ പ്രാചീന സംസ്കാരത്തിന്റെ പ്രതീകങ്ങളിലൊന്നായി ഭഗവതി ക്ഷേത്രങ്ങളിൽ അവതരിപ്പിച്ചുവരുന്ന ഒരു അനുഷ്ഠാനകലയാണ് പടയണി. അസുരനെ വധിച്ചിട്ടും

കോപം തീരാതിരുന്ന കാളിയെ ശമിപ്പിക്കുവാൻ ശിവനിർദ്ദേശത്താൽ ഭൂതഗണങ്ങൾ കോലംകെട്ടി തുള്ളിയതിൻറെ സ്മരണയാണ് ഈ കലാരൂപം എന്നാണ് ഐതിഹ്യം.

ദക്ഷിണ കേരളത്തിൽ പ്രത്യേകിച്ച് മധ്യതിരുവിതാംകൂറിൽ കടമ്പനിട്ട,ഓതറ തുടങ്ങിയ ഭഗവതി ക്ഷേത്രങ്ങളിൽ ഇന്നും പടയണി പതിവുണ്ട്. പടയണിക്ക് പാളകൊണ്ടുണ്ടാക്കിയ വാദ്യോപകരണങ്ങൾ ഉപയോഗിക്കും. തപ്പാണ് പ്രധാന വാദ്യം. ചെണ്ടയും ഉപയോഗിക്കും. കോലങ്ങൾ പലതരമുണ്ട് ഗണപതിക്കോലം, യക്ഷിക്കോലം, പക്ഷികോലം, മാടൻ കോലം, കാലാരി കോലം, മറുതക്കോലം, പിശാചുകോലം, ഭൈരവിക്കോലം.കോലത്തിന് നിറം നൽകുന്നത് പ്രകൃതിദത്തമായ സാധനങ്ങൾ കൊണ്ടാണ്. അതായത് കരി, ചെങ്കല്ല്, മഞ്ഞൾ തുടങ്ങിയവകൊണ്ടാണ് കോലം എഴുതുന്നത്.16 പാള മുതൽ 1001 പാള വരെയുണ്ട്. പത്താമുദയം മുതൽ കുട്ടികളെ കച്ചകെട്ടി പഠിപ്പിക്കും.

മൂന്ന് വർഷമാണ് പഠിത്തത്തിനുള്ള ആകെ കാലയളവ്. ഈ പ്രവർത്തനങ്ങളെല്ലാം ഡോക്കുമെന്റ് ചെയ്ത് സ്കൂൾ വിക്കിയിൽ അപ്‌ലോഡ് ചെയ്യുന്നുണ്ട്. സ്കൂളിന്റെ യൂട്യൂബ് ചാനൽ, ഇൻസ്റ്റഗ്രാം, ഫേസ്ബുക്ക്, സ്കൂൾ ബ്ലോഗ് തുടങ്ങിയവയിൽ അപ്ലോഡ് ചെയ്യുന്നു.

JUNIOR RED CROSS • KERALA •

ആരോഗ്യം സേവനം സൗഹൃദം

# J.R.C



# അന്താരാഷ്ട്ര യോഗദിനം

ജൂൺ 21 അന്താരാഷ്ട്ര യോഗദിനം ആയി ആണ് ആചരിക്കുന്നത്. ഐക്യരാഷ്ട്ര സഭയാണ് ഇങ്ങനെ ഒരു തീരുമാനം എടുത്തത്. യോഗ ശാരീരികവും മാനസികവും ആയ തലങ്ങളെ സ്പർശിച്ച് ശരീരത്തിൻ്റെയും മനസ്സിൻ്റെയും മാറ്റം ലക്ഷ്യമിടുന്നു.

ജെ ആർ സി കേരള ഘടക യോഗാ

ദിനത്തോടനുബന്ധിച്ച് ഒരാഴ്ച യോഗാവാരമായി

ആചരിച്ചു. ഇടയാറൻമുള എ എം എം ഹയർ സെക്കണ്ടറി

സ്കൂളിലെ ജെ ആർ സി യുടെ ആഭിമുഖ്യത്തിൽ നടന്ന ഈ

ദിനാചരണം  കൗൺസിലർ ആയ ശ്രീമതി. സന്ധ്യ ജി

നായർ ആണ് നേതൃത്വം വഹിച്ചത്.  യൂ ട്യൂബ് ലൈവ്

ആയിട്ടാണ് പ്രൊഗ്രാം നടത്തിയത്. കോവിഡ്

സാഹചര്യത്തിൽ  ഇത് കുട്ടികൾക്ക് നല്ലൊരു അനുഭവം

ആയിരുന്നു. ബ്രീതിങ് വ്യായാമ മുറകൾ ഈ

ദിനാചരണത്തിൻ്റെ എടുത്തു പറയത്തക്ക പ്രവർത്തനങ്ങളാണ്. യോഗ വാരാചരണത്തിലൂടെ കുട്ടികൾക്ക് ലഭിച്ച വിജ്ഞാനം വളരെ പ്രയോജനപ്രദം ആയിരുന്നു.

# ലൈവ് പ്രോഗ്രാം

ഈ പകർച്ചവ്യാധി കാലത്ത്  വീട്ടിൽ ഒതുങ്ങി ഇരിക്കുന്ന കുട്ടികളുടെ അവസ്ഥ നമുക്ക് അറിയാമല്ലോ. പലവിധ മാനസിക പ്രശ്നങ്ങൾ മുതിർന്നവർക്കെന്ന പോലെ കുട്ടികൾക്കും ഉണ്ടാകും. ഇതിന് ഒരു ചെറിയ പരിഹാരം എന്ന നിലയിൽ ജെ ആർ സി കേരള ഘടകം ഒരു ലൈവ് പ്രോഗ്രാം സംഘടിപ്പിച്ചു. രണ്ട് സെഷനായി ആണ് ഈ പ്രോഗ്രാം നടത്തിയത്.

എല്ലാ ജെ ആർ സി കേഡറ്റ്സും ഈ ലൈവ് പ്രൊഗ്രാമിൽ  പങ്കെടുത്തു. ലൈഫ് ലസൺസ് എന്ന പേരിൽ സംഘടിപ്പിച്ച ഈ പരിപാടിയിൽ കുട്ടികളോട് സംവദിച്ചത് ശ്രീമതി. നിത എസ് ഐയർ ആണ്. ഈ ക്ലാസ്സിലൂടെ കുട്ടികൾക്ക് നല്ലൊരു മാനസിക പിൻതുണ ആണ് ലഭിച്ചത്. രക്ഷിതാക്കൾക്കും കുട്ടികൾക്കും ഒരുപോലെ ഈ പ്രൊഗ്രാം പ്രയോജനപ്പെട്ടു.

# സൈബർ സുരക്ഷാസെമിനാർ



ഹയർസെക്കൻഡറി സ്കൂളിൽ 28/ 2 /2022 തിങ്കളാഴ്ച സൈബർ സുരക്ഷ എന്ന വിഷയത്തിൽ സെമിനാർ നടത്തി. അധ്യാപകരായ ജെബി തോമസ് അനീഷ് ബെഞ്ചമിൻ എന്നിവർ സ്വാഗതവും അധ്യക്ഷ പ്രസംഗവും നിർവഹിച്ചു. ജെ ആർ സി കുട്ടികൾക്ക് വേണ്ടി സൈബർ സുരക്ഷ എന്ന വിഷയത്തിൽ ക്ലാസ് നൽകിയത് കേരള പോലീസ് സൈബർഡോം കമാൻഡറായ ശ്രീ ജിൻസ് ടി തോമസ് ആണ്. സൈബർ ലോകത്തിലെ ചതിക്കുഴികളെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കാൻ ഒരു പരിധി വരെ ഈ ക്ലാസ്സുകൾക്ക് സാധിച്ചു. ജിൻസ് ടി തോമസ് ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥിയും ആണ്. സെമിനാറിന് കൃതജ്ഞത അർപ്പിച്ചത് കൺവീനർ ആയ സന്ധ്യ ജി നായർ ടീച്ചറാണ്.

NCC

एकता

# N.C.C

# 1971 ഇന്ത്യ പാകിസ്ഥാൻ യുദ്ധത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷം

1971 ഇന്ത്യ പാകിസ്ഥാൻ യുദ്ധത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷത്തിന്റെ ഭാഗമായി ആയി 30 പേരുടെ സംഘം സെൻട്രൽ വാർ മെമ്മോറിയൽ ന്യൂഡൽഹിയിൽ നിന്നും കേണൽ സുരേഷ് കുമാർ വി.എസ്.എം ന്റെ നേതൃത്വത്തിൽ ക്യാപ്റ്റൻ തോമസ് ഫിലിപ്പോസ് മഹാവീർ ചക്രയുടെ ഭവനത്തിൽ എത്തിച്ചേർന്നു. ധീരജവാൻ ക്യാപ്റ്റൻ തോമസ് ഫിലിപ്പോസിന്റെ ജന്മഭൂമിയിൽ നിന്നും മണ്ണ് ശേഖരിക്കുകയുണ്ടായി. ക്യാപ്റ്റൻ തോമസ് ഫിലിപ്പോസിന്റെ സഹധർമ്മിണി ശ്രീമതി ചിന്നമ്മ ഫീലിപോസിന് ദീപശിഖ കൈമാറി. ക്യാപ്റ്റൻ തോമസ് ഫിലിപ്പോസ് ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥി ആയിരുന്നു. ഇന്ത്യ പാകിസ്ഥാൻ യുദ്ധത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷത്തിന്റെ ഓർമയിൽ സ്കൂൾ തലത്തിൽ എക്സിബിഷൻ നടത്തി

.

# എൻ.സി.സി ദിനം



കൊവിഡ്-19 പ്രതിസന്ധിയുടെ നടുവിലും, വിദ്യാർത്ഥികൾക്കിടയിൽ ഐക്യവും അച്ചടക്കവും പ്രോത്സാഹിപ്പിക്കുന്നതിന് എ.എം.എം. ഹയർസെക്കണ്ടറി സ്കൂൾ അവസരമൊരുക്കി.ഇന്ത്യൻ സായുധ സേനയുടെ യുവജന വിഭാഗമാണ് നാഷണൽ കേഡറ്റ് കോർപ്സ് (എൻ.സി.സി ) നവംബർ മാസത്തിൽ കഴിഞ്ഞ ഞായറാഴ്ചയാണ് എൻ.സി.സി ദിനം ആചരിക്കുന്നത്. ജൂനിയർ വിഭാഗത്തിനായുള്ള എയർ വിംഗ് ആർമി വിംഗിൽ എൻസിസി കേഡറ്റുകളെ എൻറോൾമെന്റ്

ചെയ്യുന്നതിനായി ഈ വർഷം വിദ്യാർത്ഥികൾക്ക് അവസരമൊരുക്കി. ചിറക്. യൂണിറ്റിന്റെ നിർദേശപ്രകാരമായിരുന്നു പരിശീലനം.

യുവാക്കൾക്ക് സേവന പരിശീലനം നൽകിക്കൊണ്ട് രാജ്യത്തിന്റെ പ്രതിരോധത്തിൽ താൽപര്യം ഉത്തേജിപ്പിക്കുന്നതിനും സായുധ സേനയെ പ്രാപ്തമാക്കുന്നതിന് ഒരു കരുതൽ ശേഖരണത്തിനും വേണ്ടി രാജ്യത്തെ യുവാക്കളിൽ സ്വഭാവം, സൗഹൃദം, സേവനത്തിന്റെ ആദർശങ്ങൾ, നേതൃത്വത്തിനുള്ള കഴിവ് എന്നിവ എൻസിസി വികസിപ്പിക്കുന്നു. ദേശീയ അടിയന്തരാവസ്ഥയിൽ അതിവേഗം വികസിപ്പിക്കുക.ബഹുമാനപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ പരേഡുകളും ക്ലാസുകളും നടത്തുകയും, എൻസിസി ഗാനത്തോടെ ഞങ്ങളുടെ സെഷൻ അവസാനിപ്പിക്കുകയും ചെയ്തു.

# കാർഗിൽ വിജയദിവസ്





പത്തനംതിട്ട ജില്ലയിലെ ഇടയാറന്മുള എ എം എം ഹയർസെക്കൻഡറി സ്കൂളിൽ ജൂലൈ 26 കാർഗിൽ വിജയദിവസ് ആഘോഷിച്ചു. കാർഗിൽ വിജയദിവസവുമായി ബന്ധപ്പെട്ട് ആറന്മുള ജവാൻ സ്മാരകത്തിൽ 34 കേഡറ്റുകൾ പങ്കെടുത്തു. സ്മാരകത്തിൽ എ.എൻ.ഓ എബി മാത്യു ജേക്കബ് പുഷ്പചക്രം സമർപ്പിച്ചതിനെ തുടർന്ന് എല്ലാവരും പുഷ്പാർച്ചനയിൽ പങ്കെടുത്തു. തുടർന്ന് സ്കൂളിൽ കാർഗിൽ വിജയാഘോഷപരിപാടി പുഷ്പാർച്ചന യോടുകൂടി ആരംഭിച്ചു.ഹവിൽദാർ ദിനഗർ പവാർ മാരുതി പതാക ഉയർത്തി ഉദ്ഘാടനം ചെയ്തു.കാർഗിൽ യുദ്ധ സൈനികൻ സുഭാഷ് പ്ലാവേലിൽ കാർഗിൽ വിജയദിന

സന്ദേശം നൽകി.പ്രധാന എ.പി.ജെയുടെ ഓർമകളിലൂടെ അധ്യാപിക ശ്രീമതി അനില സാമുവേൽ അധ്യക്ഷത വഹിച്ചു. കാർഗിൽ വിജയ ദിവസ് സന്ദേശം എൻ.സി.സി കുട്ടികൾക്ക് നൽകിയത് ഹവിൽദാർ ദിനഗർ പവാർ മാരുതിയും, കാർഗിൽ യുദ്ധത്തിൽ പങ്കാളിയായ സൈഎ.പി.ജെയുടെ ഓർമകളിലൂടെ നികൻ സുഭാഷ് പ്ലാവേലിലും ആണ്. പുഷ്പാർച്ചനയിൽ സ്കൂളിലെ എല്ലാ കുട്ടികളും പങ്കെടുത്തു.



# GROUP

# PHOTO



# എസ് .പി .സി





# എൻ.സി.സി

## എച്ച്.എസ്



## എച്ച്.എസ്.എസ്



# ജെ. ർ. സി



# സ്കൗട്ട്



# ലിറ്റിൽ കൈറ്റ്സ്



# ART
section















# OUR COLLECTIONS










Submitted by:
Anaswara Girish
VIII A


LEO
MESSI
BY


WORLD
MALALA
DAY
July: 12
Abigail Susan Samuel Class 9 A







SAVE NATURE
SAVE EARTH
By
AMANDHU
KRISHNA. R














Hello
Kitty






TOM and JERRY



















our collectionst







# കടപ്പാട്

അനന്ദു കൃഷ്ണ ആർ
IXB

ഈ ഡിജിറ്റൽ മാഗസിൻ
നിർമിക്കാൻ സഹായിച്ച
എ.എം.എം.ഹയർ സെക്കൻഡറി
സ്ക്കൂളിലെ ലിറ്റിൽ കൈറ്റ്സ്
അംഗങ്ങൾ, രചനകൾ നൽകിയ
വിദ്യർത്ഥികൾ, അദ്ധ്യാപകർ,
നേതൃത്വം നൽകിയ ആശ ടീച്ചർ,
ജെബി സാർ..... ഏവർക്കും
നന്ദി...... നന്ദി........

*LITTLE KITES 2021-24*

# MAGAZINE



A.M.M.H.S.S EDAYARANMULA

KEEP THE LIGHT SHINING